REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 13-01-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആറു മാസം കൂടി കാലാവധി നീട്ടിയതായി മന്ത്രി K.N ബാലഗോപാൽ.**
- **കൊല്ലം, തൃശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖല സമഗ്രമായി നവീകരിക്കാൻ KSEB പദ്ധതി ആവിഷ്ക്കരിക്കുന്നതായി മന്ത്രി K കൃഷ്ണൻകുട്ടി.**
- **നാളെ മകരവിളക്ക്. ശബരിമലയിൽ അവസാനവട്ട തയാറെടുപ്പ് പുരോഗമിക്കുന്നു.**
- **നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിന് വൈകിട്ട് സമാപനം.**
- **സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തൃശൂരിൽ തുടക്കമാകും.**

## വാർത്തകൾ വിശദമായി

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കാലാവധി ആറു മാസംകൂടി നീട്ടിയതായി മന്ത്രി K.N ബാലഗോപാൽ അറിയിച്ചു. കാലാവധിയ്ക്കകം വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തവരുടെ പെൻഷൻ തടയരുതെന്ന് മന്ത്രി വകുപ്പിന് നിർദ്ദേശം നൽകി. അക്ഷയ കേന്ദ്രങ്ങൾവഴി ജൂൺ 30 –നകം വരുമാന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യാമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കൊല്ലം, തൃശൂർ, കണ്ണൂർ നഗരങ്ങളിലെ വൈദ്യുതി വിതരണ ശൃംഖല സമഗ്രമായി നവീകരിക്കാൻ KSEB പദ്ധതി ആവിഷ്ക്കരിക്കുന്നതായി മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. പദ്ധതി നടപ്പിലായാൽ മൂന്ന് നഗരങ്ങളിലെയും വൈദ്യുതി വിതരണം കാര്യക്ഷമവും, വിശ്വസനീയവുമാകും. തത്സമയ നിരീക്ഷണവും, നിയന്ത്രണവും സാധ്യമാകുമെന്നാണ് പദ്ധതിയുടെ സവിശേഷത. സബ്സ്റ്റേഷനുകളിലെയും, വിതരണ ശൃംഖലകളിലെയും വിവരങ്ങൾ തത്സമയ കൺട്രോൾ സെന്ററുകളിൽ ലഭ്യമാകുമെന്നും മന്ത്രി ഫേസ്ബുക്കിൽ വ്യക്തമാക്കി.

✪✪✪

തദ്ദേശ വാർഡുകളിലേക്ക് ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ മലപ്പുറം മൂത്തേടം പായംപാടം വാർഡിൽ UDF വിജയിച്ചു. കൊരമ്പയിൽ സുബൈദ 222 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചത്.

തിരുവനന്തപുരം വിഴിഞ്ഞം വാർഡ് തിരഞ്ഞെടുപ്പിൽ UDF ന് ജയം. K.H സുധീർഖാൻ 83 വോട്ടിനാണ് ജയിച്ചത്. എറണാകുളം പാമ്പാക്കുട ഓണക്കൂറിൽ LDF  സ്ഥാനാർത്ഥി CB രാജീവ്  221 വോട്ടിന് ജയിച്ചു.

✪✪✪

മകര സംക്രാന്തി, പൊങ്കൽ, മാഗ് ബിഹു, ലോഹ്റി ആഘോഷ വേളയിൽ രാഷ്ട്രപതി ദ്രൗപതി മുർമു ആശംസ നേർന്നു. ഈ ഉത്സവങ്ങൾ രാജ്യത്തിന്റെ സമ്പന്നമായ കാർഷിക പാരമ്പര്യങ്ങളെ പ്രതീകപ്പെടുത്തുകയും, ദേശീയ ഐക്യത്തിന്റെ ആത്മാവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നതായി രാഷ്ട്രപതി പറഞ്ഞു.

✪✪✪

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിങ്ങ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം നാളെ ന്യൂഡൽഹിയിൽ നടത്തും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ 60 രാജ്യങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് ഔദ്യോഗിക നാമകരണം ചെയ്യുന്നതിൽ പിന്തുണയും ഇടപെടലും അഭ്യർത്ഥിച്ച് BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്ത് നൽകി. ഔദ്യോഗിക രേഖകളിൽ സംസ്ഥാനത്തിന്റെ പേര് കേരള എന്നതിൽ നിന്ന് കേരളം എന്നാക്കി  മാറ്റാൻ 2024 ജൂണിൽ നിയമസഭ,  പ്രമേയം പാസാക്കിയതും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

സംസ്ഥാന നിയമസഭ പാസാക്കിയ പ്രമേയത്തിന് BJPയുടെ പിന്തുണ അറിയിച്ച് മുഖ്യമന്ത്രി പിണറായി വിജയന് കത്തു നൽകിയതായും രാജീവ് ചന്ദ്രശേഖർ അറിയിച്ചു.

✪✪✪

നാളെ മകരവിളക്ക്. ശബരിമലയിൽ അവസാനവട്ട തയാറെടുപ്പ് പുരോഗമിക്കുന്നു. വൈകിട്ട് പമ്പ സദ്യയും പമ്പവിളക്കും നടക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ...

....(വോയ്സ്).......

മകരവിളക്ക് മഹോത്സവത്തിനുള്ള അവസാനവട്ട ഒരുക്കത്തിലാണ് ശബരിമലയും പരിസരപ്രദേശങ്ങളും. പർണശാലകൾ ഒരുക്കി ആയിരക്കണക്കിനു ഭക്തരാണ് പാണ്ടിത്താവളത്തിലും പുല്ലുമേട്ടിലും ഉൾപ്പെടെ അയ്യന്റെ പൂങ്കാവനത്തിന്റെ പലപ്രദേശങ്ങളിലുമായി തമ്പടിച്ചിരിക്കുന്നത്. ഇന്ന്

രാവിലെ 11വരെ 41,197 തീർഥാടകർ ദർശനം നടത്തി.

സുരക്ഷയ്ക്ക് പ്രാധാന്യം നൽകി കേന്ദ്രസേന, പോലീസ്, അഗ്നിരക്ഷാ,വനം, ആരോഗ്യം, ദേവസ്വം, കെ.എസ്.ഇ.ബി, റവന്യൂ തുടങ്ങി വിവിധ വകുപ്പുകൾ വലിയ സുരക്ഷാ മുന്നോരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. എരുമേലിയിൽ പേട്ട തുള്ളി കാനനപാതയിലൂടെ കാൽനടയായി എത്തുന്ന അമ്പലപ്പുഴ,ആലങ്ങാട്ട് സംഘം ഇന്ന് പമ്പയിലെത്തി ഉച്ചയ്ക്ക് പമ്പ സദ്യയും വൈകിട്ട് പമ്പവിളക്കും നടത്തും.

✪✪✪

തീർഥാടകരുടെ സുരക്ഷയ്ക്ക് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഹൈക്കോടതി ഉത്തരവ് പ്രകാരം ഇന്ന് 40,000 പേർക്കും, നാളെ 30,500 പേർക്കുമാണ് സന്നിധാനത്ത് പ്രവേശനം. രാവിലെ 10 മുതൽ നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും, രാവിലെ 11 മുതൽ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്കും ഭക്തരെ കടത്തി വിടില്ല.

പത്തനംതിട്ട ജില്ലയിൽ നാളെ പ്രാദേശിക അവധിയാണ്. ഗവി യാത്രയ്ക്കും നിരോധനമുണ്ട്. ഗതാഗത സുരക്ഷ മുൻ നിർത്തി ഇന്നു മുതൽ 15 വരെ ടിപ്പർ ലോറികൾക്കും അനുബന്ധ വാഹനങ്ങൾക്കും ജില്ലയിൽ നിരോധനം ഏർപ്പെടുത്തി. 2,000 ത്തോളം പൊലീസ് ഉദ്യോഗസ്ഥരെയാണ് മകരവിളക്ക് ദിവസം ശബരിമലയിൽ നിയോഗിക്കുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠരര് രാജീവരരുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് കോടതി ഈ മാസം 19 ലേക്ക് മാറ്റി. കൊല്ലം വിജിലൻസ് കോടതിയാണ് കേസ് പരിഗണിക്കുന്നത്.

ദ്വാരപാലക ശില്പത്തിലെ സ്വർണം കടത്തിയ കേസിലും തന്ത്രിയുടെ അറസ്റ്റ് രേഖപ്പെടുത്താൻ കോടതി അനുമതി നൽകി. ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് A പത്മകുമാറിന്റെ റിമാൻഡ് കാലാവധി ഈ മാസം 27 വരെ നീട്ടി.

✪✪✪

ബലാത്സംഗ കേസിൽ മാവേലിക്കര സബ് ജയിലിൽ റിമാൻഡിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ MLA യെ കേസ് പരിഗണിക്കുന്ന തിരുവല്ല മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. യുവമോർച്ചയും DYFI യും കോടതി ഗേറ്റിനു വെളിയിൽ പ്രതിഷേധം നടത്തി.

രാഹുലിനെ കസ്റ്റഡിയിൽ ആവശ്യപ്പെട്ട് പൊലീസിന്റെ അപേക്ഷയിൽ വിധി ഇന്നുണ്ടാകും. അഞ്ചു ദിവസം കസ്റ്റഡിയിൽ വേണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി.

✪✪✪

നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് വൈകിട്ട് സമാപിക്കും. നിയമസഭയിലെ R.ശങ്കര നാരായണൻ തമ്പി ഹാളിൽ സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

....(വോയ്സ്)...........

ഏഴ് ദിവസം നീണ്ട നിയമസഭാ പുസ്തകകോത്സവത്തിനാണ് ഇന്ന് സമാപനം കുറിക്കുന്നത്. നിയമസഭ സ്പീക്കർ എ എൻ ഷംസീർ അധ്യക്ഷത വഹിക്കുന്ന സമാപന ചടങ്ങിൽ മൗറീഷ്യസ് മുൻ പ്രസിഡന്റ് അമീന ഗുരീബ് ഫക്കിം മുഖ്യപ്രഭാഷണം നടത്തും. മന്ത്രി ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എംഎൽഎമാരായ വി കെ പ്രശാന്ത്, രമേശ് ചെന്നിത്തല, തിരുവനന്തപുരം മേയർ വി വി രാജേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. നിയമസഭ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ പ്രകാശനവും കേരള നിയമസഭ മാധ്യമ അവാർഡുകളുടെ വിതരണവും ചടങ്ങിൽ നടക്കും.

✪✪✪

തൊഴിൽ അവകാശം സംരക്ഷിക്കുന്നവിധം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ലോക്ഭവന് മുന്നിൽ കോൺഗ്രസ് ദ്വിദിന രാപ്പകൽ സമരം ആരംഭിച്ചു. AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ, KPCC പ്രസിഡന്റ് സണ്ണി ജോസഫ്, പ്രതിപക്ഷ നേതാവ് VD

സതീശൻ, രമേശ് ചെന്നിത്തല, ശശി തരൂർ MP തുടങ്ങിയ നേതാക്കൾ പങ്കെടുക്കുന്നുണ്ട്.

✪✪✪

തദ്ദേശ പൊതു തേരഞ്ഞെടുപ്പിൽ മത്സരിച്ചവർക്ക് തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാൻ സമയ പരിധി ഇന്നലെ അവസാനിച്ചു. മത്സരിച്ച 75,627 സ്ഥാനാർത്ഥികളിൽ ഓൺലൈനായി 56,173 പേർ കണക്ക് സമർപ്പിച്ചിട്ടുണ്ട്. കണക്ക് ഓൺലൈനിൽ സമർപ്പിക്കാൻ കഴിയാത്തവർക്ക് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാരുടെ പക്കൽ നേരിട്ട് സമർപ്പിക്കാനും അവസരം നൽകിയിരുന്നു. നേരിട്ട് സമർപ്പിച്ച കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ഈ മാസം 31 നകം ഓൺലൈനിൽ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തൃശൂരിൽ തുടക്കമാകും. ഈ മാസം 18 വരെ 25 വേദികളിൽ 250 ഇനങ്ങളിൽ 15,000 ത്തോളം കലാപ്രതിഭകൾ മാറ്റുരയ്ക്കും. രാവിലെ തേക്കിൻകാട് മൈതാനം എക്സിബിഷൻ ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ തിരികൊളുത്തുന്നതോടെ കലോത്സവത്തിന് തുടക്കമാകും. മന്ത്രി V ശിവൻകുട്ടി അധ്യക്ഷനായിരിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

'ഉത്തരവാദിത്വ കലോത്സവം' എന്നതാണ് കലോത്സവത്തിന്റെ ആപ്തവാക്യം. പൂർണമായും ഹരിതചട്ടം പാലിച്ചായിരിക്കും കലോത്സവം.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി തൃശൂരിൽ ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ അവസാനവട്ട യോഗം ചേർന്നു. കലോത്സവ നഗരിയിൽ എട്ട് DYSP മാരുടെയും, 26 CI മാരുടെയും നേതൃത്വത്തിൽ 1,000 ലധികം പൊലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കും. കലോത്സവ വേദികളെല്ലാം CCTV നിരീക്ഷണത്തിലായിരിക്കും. ലഹരി ഉപയോഗം കണ്ടെത്താൻ എക്സൈസിന്റെ പ്രത്യേക പട്രോളിംഗുമുണ്ടാകും. നഗരിയിൽ ലഹരിക്കെതിരെ വിമുക്തി എന്ന പേരിൽ പ്രദർശന സ്റ്റാളും ഉണ്ടായിരിക്കുമെന്ന് എക്സൈസ് അറിയിച്ചു.

✪✪✪

KSRTC ബജറ്റ് ടൂറിസം പദ്ധതിയിലൂടെ ഇടുക്കിയിലെ വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ്. തിരുവനന്തപുരം വെഞ്ഞാറംമൂട് ഡിപ്പോയിൽ

**നിന്നും മീശപ്പുലിമലയിലേക്ക് സഞ്ചാരികളുമായെത്തി റെക്കോർഡ് നേട്ടം കൈവരിച്ചിരിക്കുകയാണ് ആനവണ്ടി.**

**ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.**

**....(വോയ്സ്)......**

**സൂര്യകിരണങ്ങൾ ആദ്യം സ്പർശിക്കുന്ന മീശപ്പുലിമലയുടെ മനോഹാരിത നുകരാൻ കൊതിക്കുന്നവർക്കായി കെ.എസ്.ആർ.ടി.സി നടത്തുന്ന ഉല്ലാസ യാത്രാ സർവ്വീസ് ശ്രദ്ധേയമാകുന്നു. വെഞ്ഞാറംമൂട് ഡിപ്പോയിൽ നിന്നുള്ള പ്രത്യേക സർവീസ് ഇതിനകം തന്നെ സഞ്ചാരികളുടെ പ്രിയപ്പെട്ട യാത്രയായി മാറിക്കഴിഞ്ഞു. സാധാരണക്കാർക്കും കുറഞ്ഞ ചിലവിൽ മീശപ്പുലിമലയിലെത്താം എന്നതാണ് ഈ ബജറ്റ് ടൂറിസം പദ്ധതിയുടെ പ്രത്യേകത.**

**വ്യത്യസ്തവും മറക്കാനാകാത്തതുമായ യാത്രാനുഭവമാണ് ആനവണ്ടി പകർന്നു നൽകുന്നതെന്ന് യാത്രക്കാർ ഒരേ സ്വരത്തിൽ പറയുന്നു. സഞ്ചാരികൾക്ക് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ മൂന്നാർ ഗ്രാമപഞ്ചായത്തും സജീവമായി രംഗത്തുണ്ട്.**

**റെക്കോർഡ് യാത്രകളുമായി കെ.എസ്.ആർ.ടി.സി. ഇടുക്കിയുടെ വിനോദസഞ്ചാര ഭൂപടത്തിൽ പുതിയ ചരിത്രം കുറിക്കുകയാണ്.**

✪✪✪

**കോഴിക്കോട് കോർപറേഷനിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തെരഞ്ഞെടുപ്പ് പുരോഗിക്കുന്നു. ADM C.മുഹമ്മദ് റഫീക്ക് ആണ് വരണാധികാരി. രാവിലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി LDF ലെ V.P മനോജിനേയും, ക്ഷേമകാര്യ കമ്മറ്റി ചെയർപേഴ്സണായി UDF ലെ കവിത അരുണിനേയും തെരഞ്ഞെടുത്തു. ഉച്ചകഴിഞ്ഞ് നടത്തുന്ന നികുതി അപ്പീൽ സ്ഥിരം സമിതി ചെയർമാൻ പദവി UDFനും NDA ക്കും നിർണ്ണായകമാണ്.**

✪✪✪

**ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിന്റെ ഫുൾ ഡ്രസ് റിഹേഴ്സലിന് രാജ്യരക്ഷാ മന്ത്രാലയം സൗജന്യ പാസുകൾ പ്രഖ്യാപിച്ചു. വ്യാഴം, വെള്ളി ദിവസങ്ങളിൽ പാസുകൾ സൗജന്യമായി ബുക്ക് ചെയ്യാം. ഫുൾ ഡ്രസ് റിഹേഴ്സൽ ഈ മാസം 23 നാണെന്ന് മന്ത്രാലയം അറിയിച്ചു. ആമന്ത്രൺ വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്പ് വഴിയോ പാസുകൾ ബുക്ക് ചെയ്യാം.**

✪✪✪

***News Editor : വി കെ സുരേഷ് , News Reader: അനുഷ ആത്മപ്രകാശ് , NRTs പ്രവീൺ, DEO: ഷീബ***